ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.07.2024**

## പ്രധാനവാർത്തകൾ

1. മുംബൈയിൽ 29,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. നിതി ആയോഗ് സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി കേരളത്തിന് ലഭിച്ച ഒന്നാം സ്ഥാനം സർക്കാരിൻറെ ജനക്ഷേമപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ഐ എൻ ഡി ഐ സഖ്യത്തിലെ പാർട്ടികൾക്ക് മികച്ച നേട്ടം.

4. തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ ഇറങ്ങുന്നതിനിടെ കാണാതായ ശുചീകരണ തൊഴിലാളിക്ക് വേണ്ടിയുള്ള തിരച്ചിൽ ഊർജിതം. സംഭവം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കളക്ടർക്ക് നിർദേശം.

5. സിംബാബ്‌വെക്കെതിരെയുള്ള ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യയ്ക്ക് 153 റൺ വിജയലക്ഷ്യം.

****************************************

## പ്രധാനമന്ത്രി - മുംബൈ

മുംബൈയിൽ 29,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. റോഡ്, റെയിൽവേ, തുറമുഖ പദ്ധതികളാണ് ഇതിൽ പ്രധാനം. ഗോരേഗാവിലെ നെസ്കോ എക്സിബിഷൻ സെൻററിൽ ഇത് സംബന്ധിച്ച ചടങ്ങുകൾ പുരോഗമിക്കുകയാണ്. യുവജനങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള 5,600 കോടി രൂപയുടെ മുഖ്യമന്ത്രി യുവ കാര്യ പ്രതീക്ഷൻ യോജനയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

**************************************

## പിണറായി വിജയൻ- സുസ്ഥിര വികസന സൂചിക

RNUTVPM

ജനക്ഷേമവും സാമൂഹ്യപുരോഗതിയും മുൻനിർത്തി എൽ ഡി എഫ് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കും അതിന് ജനങ്ങൾ നൽകുന്ന പിന്തുണയ്ക്കുമുള്ള അംഗീകാരമാണ് നിതി ആയോഗ് സുസ്ഥിര വികസന സൂചികയിൽ കേരളം ഇന്ത്യയിൽ വീണ്ടും ഒന്നാമതെത്തിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ആരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം, പരിസ്ഥിതി, ശുദ്ധജലം തുടങ്ങി 16 വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പട്ടികയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

**************************************

## എം ബി രാജേഷ്- സുസ്ഥിര വികസന സൂചിക

സുസ്ഥിര വികസന സൂചികകളെ അടിസ്ഥാനപ്പെടുത്തിയുള്ള നിതി ആയോഗിന്റെ ദേശീയ

റാങ്കിംഗിൽ കേരളം വീണ്ടും ഒന്നാമതെത്തിയത്, സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പരിഹസിക്കുന്നവർക്കുള്ള മറുപടിയാണെന്ന് മന്ത്രി എം ബി രാജേഷ്. ദേശീയ ശരാശരിയേക്കാൾ 8 പോയിന്റ് അധികമാണ് കേരളത്തിന്റെ സ്കോർ. 2018ൽ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക ആരംഭിച്ചപ്പോൾ മുതൽ കേരളം ഒന്നാം സ്ഥാനത്താണ്. 2018ൽ സ്കോർ 69 ആയിരുന്നത്, പത്ത് പോയിന്റ് ഉയർത്തിയാണ് കേരളം ഇത്തവണ ഒന്നാം സ്ഥാനം നിലനിർത്തിയത് എന്നത് അഭിമാനകരമാണെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************************

## നിയമസഭാ ഉപതിരഞ്ഞെടുപ്പ്

ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ഐ എൻ ഡി ഐ എ സഖ്യത്തിലെ പാർട്ടികൾക്ക് മികച്ച നേട്ടം. പശ്ചിമ ബംഗാളിലെ നാല് മണ്ഡലങ്ങളിൽ എല്ലായിടത്തും തൃണമൂൽ കോൺഗ്രസ്സ് വിജയിച്ചു. ഹിമാചൽ പ്രദേശിലെ മൂന്ന് സീറ്റിൽ രണ്ടിടത്ത് കോൺഗ്രസ്സും ഒരിടത്ത് ബി ജെ പി യും വിജയിച്ചു. ഉത്തരാഖണ്ഡിലെ ബദരീനാഥ്, മംഗളൂർ സീറ്റുകളിലും കോൺഗ്രസ്സ് സ്ഥാനാർത്ഥികളാണ് വിജയിച്ചത്. പഞ്ചാബിൽ ഉപതിരഞ്ഞെടുപ്പ് നടന്ന ജലന്ധർ വെസ്റ്റ് മണ്ഡലത്തിൽ ആം ആദ്മി പാർട്ടിയും, മധ്യപ്രദേശിലെ അമർവാരയിൽ ബി ജെ പിയും, തമിഴ്നാട്ടിലെ വിക്രവണ്ടിയിൽ ഡി എം കെ സ്ഥാനാർത്ഥിയും വിജയിച്ചു. ബിഹാറിലെ രൂപൗലി മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയാണ് വിജയിച്ചത്.

*************************************

RNUTVPM

## ജോർജ്ജ് കുര്യൻ

മതത്തിനും വിശ്വാസത്തിനും അതീതമായി എല്ലാവരെയും സ്നേഹിക്കുകയെന്നത് ജീവിതത്തിൽ പരമപ്രധാനമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ പാവനാത്മാ പ്രോവിൻസ് അംഗവും കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ പ്രധാനിയുമായ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പദവി പ്രഖ്യാപനത്തിൻ്റെ ഭാഗമായി കണ്ണൂർ ഇരിട്ടി വിമലഗിരിയിൽ നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി അധ്യക്ഷനായി.

****************************************

## ആമയിഴഞ്ചാൻ തോട്

തിരുവനന്തപുരത്ത് തമ്പാനൂർ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ ഇറങ്ങുന്നതിനിടെ കാണാതായ ശുചീകരണ തൊഴിലാളി ജോയിക്ക് വേണ്ടിയുള്ള തിരച്ചിൽ ഊർജിതമായി തുടരുന്നു. അഗ്നിരക്ഷാ സേനയുടെയും പോലീസിന്റെയും നേതൃത്വത്തിൽ 50 ഓളം പേർ പേരാണ് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. മുങ്ങൽ വിദഗ്ദ്ധർ ഓവ് ചാലിലേക്ക് ഇറങ്ങിയാണ് ഇപ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നത്. രക്ഷാ ദൗത്യം രാത്രിയും തുടരുമെന്ന് തിരുവനന്തപുരം നഗരസഭാ മേയർ ആര്യ രാജേന്ദ്രൻ പറഞ്ഞു. മന്ത്രി വി ശിവൻകുട്ടി, ജില്ലാ കളക്ടർ ജെറോമിക് ജോർജ് എന്നിവർ സംഭവം സ്ഥലത്ത് എത്തിയിരുന്നു. രാവിലെ 10 മണിയോടെയാണ് അപകടം

RNU TVPM

നടന്നത്. തോട് വൃത്തിയാക്കാൻ ഇറങ്ങിയ ജോയ് ഒഴുക്കിൽ പെടുകയായിരുന്നു.

*************************************

## വി ശിവൻകുട്ടി - ആമയിഴഞ്ചാൻ തോട്

റെയിൽവേയുടെ അധീനതയിലുള്ള ആമയിഴഞ്ചാൻ തോടിന്റെ ഭാഗത്ത് ശുചീകരണ തൊഴിലാളിയെ കാണാതായ സംഭവത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ആമയിഴഞ്ചാൻ തോടിന്റെ റെയിൽവേയുടെ അധീനതയിലുള്ള ഭാഗത്തെ മാലിന്യം നീക്കം ചെയ്യാൻ റെയിൽവേ ഒരിക്കലും സംസ്ഥാന സർക്കാരിനെയോ തിരുവനന്തപുരം കോർപ്പറേഷനെയോ അനുവദിക്കാറില്ലെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ശുചീകരണ തൊഴിലാളികൾക്ക് വേണ്ടത്ര സുരക്ഷാ സംവിധാനം കരാറുകാരൻ ഒരുക്കിയിട്ടില്ലെന്നും രക്ഷാപ്രവർത്തനത്തിന് റെയിൽവേ നേതൃത്വം നൽകുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി.

RNJTVPM

*************************************

## കെ.സുരേന്ദ്രൻ- തിരുവനന്തപുരം കോർപ്പറേഷൻ

തിരുവനന്തപുരത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതാണ് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ ഇറങ്ങിയ തൊഴിലാളി അപകടത്തിൽപ്പെടാൻ കാരണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ. രാജ്യത്തെ വലിയ നഗരങ്ങളിലെ മാലിന്യസംസ്കരണത്തെ കുറിച്ച് പഠിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ തയ്യാറാവണമെന്ന

ആവശ്യത്തോട് അധികൃതർ മുഖംതിരിഞ്ഞ് നിന്നുവെന്ന് കെ.സുരേന്ദ്രൻ കുറ്റപ്പെടുത്തി.

***************************************

## കാലാവസ്ഥ- മുന്നറിയിപ്പ്

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസത്തേക്ക് കൂടി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ അതിശക്തമായ മഴക്കുള്ള ഓറഞ്ച് ജാഗ്രതാ നിർദ്ദേശമുണ്ട്. പാലക്കാട്, ആലപ്പുഴ ഒഴികെയുള്ള മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മുതൽ ചൊവ്വാഴ്ച്ച വരെ ഓറഞ്ച് ജാഗ്രത തുടരും. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതിനിടെ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

***************************************

## ഇന്ത്യ-സിംബാബ്‌വെ

സിംബാബ്‌വെക്കെതിരെയുള്ള ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യയ്ക്ക് 153 റൺ വിജയലക്ഷ്യം. 20 ഓവറിൽ ഏഴ് വിക്കറ്റിന് 152 റൺസെടുത്ത സിംബാബ്‌വെ കളി അവസാനിപ്പിച്ചു. ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. സിംബാബ്‌വെയിലെ ഹരാരെയിലാണ് മത്സരം നടക്കുന്നത്. ഇന്ത്യയുടെ മറുപടി ബാറ്റിംഗ് ആരംഭിച്ചു.

***************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബാൾ കലാശപ്പോരാട്ടത്തിൽ നാളെ സ്പെയിൻ ഇംഗ്ലണ്ടിനെ നേരിടും. നാളെ അർധരാത്രി ബെർലിനിലാണ് മത്സരം. നാലാം കിരീടം ലക്ഷ്യമിട്ടാണ് സ്പെയിൻ ഇറങ്ങുന്നത്. ഇംഗ്ലണ്ടിന് തുടർച്ചയായ രണ്ടാം ഫൈനൽ ആണ് ഇത്.

************************************

## കൊല്ലം - ഇൻട്രോ

കൊല്ലം ജില്ലയിൽ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളുടെ പരിശോധന ഫിഷറീസ് വകുപ്പ് ആരംഭിച്ചു. യാനങ്ങളുടെ വിവരങ്ങൾ റിയൽ ക്രാഫ്റ്റ് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായാണ് പരിശോധന.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....**

(വോയ്സ്)

RNU TVPM

************************************

## ശബരിമല

കർക്കടക മാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. നട തുറക്കുന്ന ദിവസം പൂജകൾ ഉണ്ടാകില്ല. കർക്കടകം ഒന്നായ 16 മുതൽ നട അടയ്ക്കുന്ന 20ന് രാത്രി വരെ പൂജകൾ നടക്കും. വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത് ദർശനം നടത്താം. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കെ എസ് ആർ ടി സി പ്രത്യേക സർവ്വീസുകൾ നടത്തും.

************************************

## പച്ചതേങ്ങ സംഭരണം-പി. പ്രസാദ്

പച്ചതേങ്ങ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചു വരികയാണെന്ന് കൃഷിമന്ത്രി പി. പ്രസാദ്. കേരഫെഡ് വഴിയുള്ള സംഭരണത്തോടൊപ്പം, VFPCK ഉൾപ്പടെയുള്ള ഏജൻസികൾ വഴിയും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുന്നുണ്ട്. നാഫെഡ് ഇപ്പോൾ കൊപ്രാ സംഭരിക്കുന്നത് മൂന്ന് മാസത്തെ ഇടവേള നൽകിയാണ്. ഈ ഇടവേളകളിൽ കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കാൻ നിയമതടസ്സമുണ്ടായിരുന്നു. ഈ തടസ്സം ഒഴിവാക്കി പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് നൽകാൻ VFPCK ക്ക് അനുമതി നൽകിയെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

*************************************

## പ്ലസ് വൺ- വി ശിവൻ കുട്ടി

പ്ലസ് വൺ പ്രവേശനത്തിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ശ്രമമെന്ന് മന്ത്രി വി ശിവൻകുട്ടി. മാന്യമായി പരിഹാരം കണ്ട വിഷയത്തിൽ വീണ്ടും ആശയക്കുഴപ്പം സൃഷ്ടിക്കാനാണ് ശ്രമം. മലപ്പുറം, കാസർഗോഡ് ജില്ലകളിലായി പുതിയതായി അനുവദിച്ച 138 ബാച്ചുകളിലായി 8280 കുട്ടികൾക്ക് കൂടി പ്രവേശനം ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപനത്തെ പ്രതിപക്ഷ നേതാവും ഉപനേതാവും സ്വാഗതം ചെയ്യതാണ്. ഈ സാഹചര്യത്തിൽ മുസ്ലിം ലീഗ് നേതാവ് എംകെ മുനീർ പ്രഖ്യാപിച്ചിട്ടുള്ള സമരം രാഷ്ട്രീയ മുതലെടുപ്പാണെന്നും മന്ത്രി വ്യക്തമാക്കി.

*************************************

## കേരള സോപ്പ് - പി. രാജീവ്

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള സോപ്പ് കമ്പനിയുടെ പ്രീമിയം ഉൽപ്പന്നങ്ങളുടെ അറബ് നാടുകളിലേക്കുള്ള കയറ്റുമതിയുടെ ഔദ്യോഗിക ഉദ്ഘാടനം കൊച്ചിയിൽ വ്യവസായ മന്ത്രി പി രാജീവ് നിർവഹിച്ചു. കമ്പനിയുടെ പുതിയ ഉൽപ്പന്നങ്ങളുടെ വിതരണ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ബഹ്റൈൻ, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുഎഇ, യമൻ എന്നീ രാജ്യങ്ങളിലേക്കാണ് പുതുതായി കേരള സോപ്പ് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. ചടങ്ങിൽ കെ എൻ ഉണ്ണികൃഷ്ണൻ എം എൽ എ അധ്യക്ഷനായിരുന്നു. ഹൈബി ഈഡൻ എം പി മുഖ്യാതിഥിയായി.

***************************************

## സി പി ഐ എം- പുറത്താക്കി

സി പി ഐ എം കോഴിക്കോട് ടൌൺ ഏരിയ കമ്മിറ്റി അംഗം കെ വി പ്രമോദിനെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കി. പാർട്ടി അച്ചടക്കത്തിന് നിരക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു എന്ന ബോധ്യമായതിനെ തുടർന്നാണ് പ്രമോദിനെതിരെ നടപടിയെന്ന് ജില്ലാ കമ്മിറ്റി സെക്രട്ടറി പി മോഹനൻ അറിയിച്ചു.

**********************************************************

***************************************

************************

RNUTVPM